മലയാളിയുടെ സദാചാരബോധത്തിനെ
ശക്തമായി വെല്ലുവിളിച്ച സാഹിത്യ
കൃതിയായ വൈക്കം മുഹമ്മദ് ബഷീറിന്റെ
'ശബ്ദങ്ങൾ' സാഹിത്യലോകത്ത്
സൃഷ്ടിച്ച ലൈംഗികതയെക്കുറിച്ചുള്ള
സംവാദങ്ങളെ വിലയിരുത്തുന്നു

രാജീവ് കുമരംകണ്ടത്ത്

# 'ശബ്ദങ്ങ'ളും സ്വവർഗ്ഗ ലൈംഗികതയും

**ഇരുപതാം** നൂറ്റാണ്ടിന്റെ മദ്ധ്യപാദം, പ്രത്യേകിച്ചു നാല്പതുകൾ, ലൈംഗികതയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കേരളത്തിന്റെ പൊതുമണ്ഡലത്തിൽ ശക്തമായ സംവാദങ്ങൾ നടന്നിരുന്ന കാലഘട്ടമാണ്. ഒരു പക്ഷെ കേരളത്തിന്റെ ആധുനിക ചരിത്രത്തിൽ തന്നെ ആദ്യമായിട്ടാവും ഈ വിഷയത്തിൽ ഇത്രയും തുറന്ന ചർച്ചകൾക്ക് സമൂഹം വേദിയായിട്ടുണ്ടാവുക. കൊളോണിയലിസത്തിന്റെ പാരമ്യത്തിൽ നാന്ദി കുറിക്കപ്പെട്ട നവോത്ഥാന പ്രസ്ഥാനവും അത് വിഭാവനം ചെയ്ത, വിക്ടോറിയൻ മൂല്യങ്ങളിൽ അധിഷ്ഠിതമായ, സദാചാര സംസ്കാരവും പരസ്യമായി വെല്ലുവിളിക്കപ്പെട്ട ഒരു കാലഘട്ടം കൂടിയായിരുന്നു ഇത്. പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ ആദ്യകാലഘട്ടങ്ങളിലെ സാഹിത്യ നിർമ്മിതിയുടെ ലക്ഷ്യം തന്നെ ആധുനിക സദാചാര മൂല്യങ്ങളെ വെല്ലുവിളിക്കുകയും അതോടൊപ്പം ഈ വിഷയങ്ങളിൽ സമൂഹത്തിൽ തുറന്ന ചർച്ചകൾക്ക് വിഴിയൊരുക്കുകയും ചെയ്യുക എന്നതായിരുന്നു.

മുൻകാലഘട്ടങ്ങളിൽ നിലനിന്നിരുന്ന പ്രവണതകളിൽ നിന്നും വ്യത്യസ്തമായി പുരോഗമന സാഹിത്യ പ്രസ്ഥാനത്തിലെ എഴുത്തുകാർ സാധാരണ മനുഷ്യരുടെ നിത്യ ജീവിതാനുഭവങ്ങളെ ആധാരമാക്കിയുള്ള കഥാനിർമ്മിതികളിൽ ഏർപ്പെടുവാനാണ് കൂടുതൽ ശ്രദ്ധ ചെലുത്തിയത്. കഥകളും കവിതകളും സാമൂഹ്യ സങ്കല്പങ്ങളുടെയും യാഥാർത്ഥ്യങ്ങളുടെയും നിറഭേദങ്ങളായി പരക്കെ അംഗീകരിക്കപ്പെടുകയും സാമൂഹിക നവോത്ഥാനത്തിനു ഏറ്റവും വലിയ മുതൽകൂട്ടുകളായി  കരുതപ്പെടുകയും ചെയ്തിരുന്ന ഒരു കാലഘട്ടത്തിലാണ് പുരോഗന സാഹിത്യ പ്രസ്ഥാനത്തിന്റെ 1936-ലെ ഉദ്ഘാടനവും (ആദ്യത്തെ പേര് ജീവത്സാഹിത്യം) തുടർന്നും അതിനു പിന്നോടിയായും നടന്ന ചർച്ചകലും വഴിവെച്ചത്.

*എന്ത് മെച്ചമാണ് കിട്ടുക.”*

ശബ്ദങ്ങളെ കുറിച്ച് അന്നുയർന്ന മൊത്തം ആരോപണങ്ങളുടെ ഒരു ആകെ തുകയായി ഇതിനെ കണക്കാക്കാം. പത്രങ്ങളിലും നിരൂപണങ്ങളിലും ശബ്ദങ്ങളെ അടിമുടി ശകാരിക്കുന്നതും അതെഴുതിയ ബഷീറിനെ എല്ലാ സദസുകളിൽ നിന്നും നിഷ്കാസനം ചെയ്യാൻ ആവശ്യപ്പെടുന്നതും ഒരു സാധാരണ സംഭവമായിരുന്നു. തുടർന്ന് സാഹിത്യത്തെക്കുറിച്ചും നവോത്ഥാനത്തെക്കുറിച്ചും രണ്ടും തമ്മിലുള്ള അഗാധമായ ബന്ധത്തെക്കുറിച്ചും കൂലങ്കുഷമായ ചർച്ചകളുടെ ഒരു പ്രളയം തന്നെയായിരുന്നു. ഇവിടെ അക്കമിട്ടു പറയേണ്ട സംഗതികളുണ്ട്.

ഒന്ന്, ലൈംഗികതയുടെ അതിപ്രസരം ഏറ്റവും കൂടുതൽ കാണാവുന്നത് അതിന് മുമ്പേ പ്രസിദ്ധീകരിച്ച ‘അഞ്ച് ചീത്ത കഥകളിലും’ വേറെ പല കഥകളിലുമാണ്. അതിൽ നിന്നൊക്കെ വ്യത്യസ്തമായി ശബ്ദങ്ങൾ ഒറ്റപ്പെടുത്തി ആക്രമിക്കാൻ കാരണം ഗുപ്തൻനായർ പറഞ്ഞതിൽ ഉള്ളതുപോലെ സ്വവർഗ്ഗ രതിയോടുള്ള വെറുപ്പുംഭയവും അതിനെപ്പറ്റിയുള്ള മുൻധാരണകളുമാണ് (homophobia). വിവാഹത്തിനു ശേഷം ദമ്പതികൾ തമ്മിൽ കിടപ്പുമുറികളിൽ കുട്ടികളെ ഉണ്ടാക്കാനായി മാത്രം നടത്തപ്പെടേണ്ട പ്രക്രിയ, അതിന്റെ ശാരീരിക സുഖങ്ങളെ വിവക്ഷിച്ചും സ്വകാര്യതയ്ക്ക് ഭംഗം വരുത്തിയും ചർച്ച ചെയ്യപ്പെടുമ്പോൾ ഉണ്ടാവുന്ന അസ്വസ്ഥത പ്രകടമാക്കുമ്പോൾ തന്നെ സ്വവർഗരതിയെ പൂർണമായും ഈ രംഗങ്ങളിൽ നിന്നും ലൈംഗികതയെ കുറിച്ചുള്ള നിർവചനങ്ങളിൽ നിന്നും അപ്രത്യക്ഷമാക്കാനുള്ള ശ്രമങ്ങൾ ബോധപൂർവ്വം ആസൂത്രണം ചെയ്യപ്പെട്ടു കഴിഞ്ഞിരുന്നു.

ലൈംഗികതയെ കുറിച്ചുള്ള പൊതുവായ ചർച്ചകളിൽപോലും സ്വവർഗരതി ഒറ്റപ്പെട്ടുനിന്നു. ഒരു രതിവൈകൃതം എന്ന നിലയിൽനിന്നും വളർച്ചയ്ക്കും മാറ്റത്തിനുമുള്ള എല്ലാ അവസരങ്ങളും അതിനു നിഷേധിക്കുന്നതിന് പുറമേ അതിനെ പുരോഗമനാശയങ്ങൾക്ക് വിപരീതമായി ചിത്രീകരിക്കുവാനും ഈ പ്രചരണ തന്ത്രങ്ങൾക്ക് സാധിച്ചു എന്നുള്ളതാണ് വാസ്തവം.

രണ്ട്, ബഷീറും ബഷീറിനെ പിന്തുണച്ചവരും ശബ്ദങ്ങളും നവോത്ഥാന ക്യാമ്പിന്റെ അവിഭാജ്യഘടകങ്ങളായി തീരുന്ന കാഴ്ചയാണ് പിന്നീട് കാണാൻ കഴിയുന്നത്. അപൂർവ്വമായിട്ടാണെങ്കിലും ശബ്ദങ്ങളെ പിന്തുണച്ച് സംസാരിച്ച ചിലരിൽ ഒരാളായിരുന്നു സഹോദരൻ അയ്യപ്പൻ. ‘സഹോദരൻ’ എന്ന പത്രത്തിൽ സമുദായപരിഷ്കരണത്തിൽ ശബ്ദങ്ങൾക്കുള്ള മഹത്തായ പങ്കിനെക്കുറിച്ച് അദ്ദേഹം സംസാരിച്ചു. പുറംപൂച്ചിൽ ഒതുങ്ങുന്നതിനു പകരം സമൂഹത്തിനെ ആന്തരികമായി ബാധിച്ചിരിക്കുന്ന വ്യാധികൾ തുറന്നു കാണിച്ചതിനാണ് അദ്ദേഹം ശബ്ദങ്ങളെ പ്രശംസിച്ചത്. ബഷീറിനെ പിന്തുണയ്ക്കാനുള്ള മറ്റൊരു ശ്രമത്തിൽ പൊൻകുന്നം വർക്കി പറഞ്ഞത് ‘സമൂഹം കുഷ്ഠം ബാധിച്ച ഒരു വ്രണമാണ്’ എന്നാണ്. ഈ വ്രണത്തിനെ തുറന്നു കാണിക്കുകയെ ബഷീർ ചെയ്തുള്ളൂ. സ്വവർഗ്ഗരതിയെ കുറിച്ചുള്ള പൊതുമണ്ഡലത്തിലെ അഭിപ്രായങ്ങൾ ഏകീകരിക്കപ്പെടുകയായിരുന്നു ഇവിടെ. സ്വവർഗ്ഗരതിയെ കുറിച്ചുള്ള മുൻധാരണകളെ ഒരു വിധത്തിലും പ്രതിരോധിക്കാൻ ഈ സാഹചര്യം അനുവദിച്ചില്ല. കേരളത്തിന്റെ പൊതുമണ്ഡല ചർച്ചകളിൽ സദാചാരത്തിന്റെയും ഹോമോഫോബിയയുടേയും ഒരു discursive paradigm സൃഷ്ടിക്കുന്നതിലേക്കാണ് ഇത് വഴി വെച്ചത്.

മൂന്ന്, ആരും ശ്രദ്ധിക്കാത്ത മറ്റൊരു കാര്യം കൂടി ഇതിനിടയിൽ കൂടി സംഭവിക്കുന്നുണ്ടായിരുന്നു. അത് പുരോഗമന സാഹിത്യ ഇടപെടലുകളേയും പൊതുമണ്ഡലത്തിലെ ചർച്ചകളുടേയും പൊതുഅന്തർധാരകളെ സംബന്ധിക്കുന്ന ഒന്നായിരുന്നു. മലയാളിയുടെ സദാചാര നിഷ്ഠകളെ സമൂലം മാറ്റി നിലനിന്നിരുന്നത് മരുമക്കത്തായവും സംബന്ധവും അതുപോലെ ഇവിടെ കാലാകാലങ്ങളായി തുടർന്ന് പോന്നിരുന്ന മറ്റു സമ്പ്രദായങ്ങളും ആണ്. ഈ ചർച്ചകളെ ഒറ്റയടിക്ക് മാറ്റി മറിച്ചുകൊണ്ടാണ് പുരോഗമന സാഹിത്യം പുതിയ ചർച്ചകൾക്ക് വഴി വെച്ചത്. ലൈംഗികത എന്നാൽ ഒരു പുരുഷൻ + ഒരു സ്ത്രീ = പ്രത്യുല്പാദനം എന്ന സദാചാര വ്യവസ്ഥിതിക്ക് (monogamous heterosexual morality) ഇത് ഒരു അംഗീകൃത വ്യവസ്ഥിതിയുടെ പ്രതിഛായ കൊടുത്തു എന്ന് മാത്രമല്ല പഴയ ചർച്ചകളുടെ സ്ഥാനത്ത് ലൈംഗികതയെ സാഹിത്യരൂപങ്ങളിൽ (sex in representation) കൊണ്ടുവരേണ്ടതിന്റെ ആവശ്യകതയും അതിന്റെ നൈതികതയും യുക്തിയും പുതിയ വിഷയങ്ങളായി സ്ഥാപിക്കപ്പെടുകയും ചെയ്തു.

### രണ്ടു വാക്ക്

ശബ്ദങ്ങളെ പുകഴ്ത്താനോ ഇകഴ്ത്താനോ ഉദ്ദേശിച്ചല്ല ഈ ലേഖനം. മറിച്ചു മലയാളിയുടെ പൊതുമണ്ഡലങ്ങൾ സ്വവർഗരതിയെ കുറിച്ച് നടന്ന ചർച്ചകളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നിനാണ് അതിന്റെ രചന വഴി വെച്ചത്. കൃതിയുടെ രചനയിലും തുടർന്നുണ്ടായ ചർചകളിലും അന്തർലീനമായിരിക്കുന്ന യുക്തികളിൽ കൂടി വെറുതെ ഒന്ന് സഞ്ചരിച്ചാൽ മാത്രം മനസ്സിലാക്കി എടുക്കാവുന്ന, അതേസമയം ബൃഹത്തായതുമായ, ഈ ലൈംഗികതയുടെ രാഷ്ട്രീയം ഇനിയും എത്രയോ ആഴങ്ങളിൽ പരിശോധിക്കപ്പെടേണ്ടവയാണ്. ഈ ലേഖനത്തിന്റെ അതിർത്തികൾക്ക് പുറത്തു തന്നെയാണ് ശബ്ദങ്ങളും അത് സൃഷ്ടിച്ച കോളിളക്കങ്ങളും. പിൽകാലത്തുണ്ടായ പല സമാന്തര ചർച്ചകളെയും പൊതുമണ്ഡലത്തിൽ സ്വവർഗരതി ഏതു രീതിയിൽ ചർച്ച ചെയ്യപ്പെടണം എന്നതിനെയും അത് വല്ലാതെ സ്വാധീനിച്ചതായി കാണാം. എന്നാൽ മലയാളിയുടെ സദാചാരബോധത്തിനെതിരെ ഇത്രയും ശക്തമായ വെല്ലുവിളി ഉയർത്തിയ ഒരു കൃതിയോ ചർച്ചയോ ലൈംഗികത തുടർച്ചയായി പീഡിപ്പിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ പോലും ഉണ്ടായിട്ടില്ല/ഉണ്ടാവുന്നില്ല എന്നതാണ് വാസ്തവം.


**അടുത്തലക്കത്തിൽ**

**ലൈംഗികത**
നിരീക്ഷണങ്ങൾ, നിലപാടുകൾ, അനുഭവങ്ങൾ തുടരുന്നു...

**ഏകലോകം**
പ്രതികരണങ്ങൾ: സി. രാധാകൃഷ്ണൻ, ഡോ. ഇ. ദിവാകരൻ

**കേന്ദ്രജലനയം: വിയോജനക്കുറിപ്പുകൾ**
ഡോ. വി.എസ്. വിജയൻ, കെ. മാധവൻ നമ്പൂതിരി

**അതിവേഗ റെയിൽവേ ഇടനാഴി ആർക്കുവേണ്ടി?**
കുസുമം ജോസഫ്, എസ്.പി. രവി